നം. WEC2-27185/16

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 05.01.2018.

വനിതാ ശിശു വികസന ഡയറക്ടർ.

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
(കോഴിക്കോട്, പാലക്കാട് ഒഴികെ)

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ് - വനിതാ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം 2016-17 സാമ്പത്തിക വർഷം - യു.സി. ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന: 1. സാമൂഹ്യനീതി ഡയറക്ടറുടെ 01.02.2017 ലെ F3/27185/16 നമ്പർ ഉത്തരവ്.
2. സാമൂഹ്യനീതി ഡയറക്ടറുടെ 03.03.2017 ലെ F3/27185/16 നമ്പർ ഉത്തരവ്.
3. സാമൂഹ്യനീതി ഡയറക്ടറുടെ 21.03.2017 ലെ F3/27185/16 നമ്പർ ഉത്തരവ്.

സൂചന ഉത്തരവുകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വനിതാ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായമായി 2016-17 സാമ്പത്തിക വർഷത്തിൽ സൂചന ഉത്തരവുകൾ പ്രകാരം 14 ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കുമായി ആകെ 2,12,20,500/- (രണ്ട് കോടി പന്ത്രണ്ട് ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിക്കുകയും തുക വിതരണം നടത്തിയതിന് ശേഷം അത് സംബന്ധിച്ച യു.സി. ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കൃത്യമായും യു.സി. ലഭ്യമാക്കിയിട്ടുള്ളത് കോഴിക്കോട്, പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മാത്രമാണ്. ആലപ്പുഴ, തൃശ്ശൂർ ജില്ലാ ഓഫീസർമാർ യു.സി. ലഭ്യമാക്കിയിരുന്നെങ്കിലും കൃത്യമായ ഫോർമാറ്റിലല്ലാത്തതും തെറ്റായ കണക്കുകൾ രേഖപ്പെടുത്തിയതുമാണ്. കൃത്യമായ യു.സി. ലഭ്യമാക്കാത്തപക്ഷം തുടർന്നുള്ള വർഷങ്ങളിൽ ടി പദ്ധതി തുടർന്ന് പോകുന്നതിന് തടസ്സം നേരിട്ടേക്കാവുന്നതാണ്.

ആയതിനാൽ സൂചന പ്രകാരം ഓരോ ഉത്തരവുകൾ മുഖേന അനുവദിച്ച തുക വിനിയോഗിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഗുണഭോക്താക്കളുടെ ലിസ്റ്റും 7 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

**വനിത ശിശു വികസന ഡയറക്ടറേറ്റ്,**
**സെൻട്രൽ ജയിലിന് എതിർവശം,**
**പൂജപ്പുര - 695 012.**

വിശ്വസ്തതയോടെ,

**വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി**

P-18